# ലാൽ സലാം എ.ഡി.ബി

● സ്റ്റാഫ് ലേഖകൻ

'സാമ്രാജ്യത്വ പ്രലോഭനങ്ങൾക്കും നവ ഉദാരവൽക്കരണ നയങ്ങൾക്കും കീഴ്പ്പെടാതെ ജനങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കാൻ ഈ ഗവൺമെന്റുകൾക്ക് കഴിയണമെന്നാണ് ജനങ്ങൾ പ്രതീക്ഷിക്കുന്നത്. അതിനാൽ നമ്മുടെ അടിസ്ഥാന താൽപര്യങ്ങൾക്കും നയങ്ങൾക്കും എതിരായ ഒരു വ്യവസ്ഥയും അംഗീകരിച്ചുകൂടാ എന്നതായിരിക്കണം ഇത്തരം വായ്പകൾ വാങ്ങുന്നത് സംബന്ധിച്ച് സ്വീകരിക്കേണ്ട ഏറ്റവും പ്രധാന മാനദണ്ഡം. ഘടനാപരമായ മാറ്റങ്ങൾ ഉൾക്കൊള്ളുന്ന ഒരു വായ്പയും നാം സ്വീകരിച്ചുകൂടാ. ഏതെങ്കിലും മേഖലയുടെ സ്വകാര്യവൽക്കരണം, ജീവനക്കാരുടെ എണ്ണംകുറക്കൽ എന്നിവയൊക്കെ അതിന്റെ ഭാഗമായി വരുന്നവയാണ്. ജനങ്ങൾക്ക് ആശ്വാസം പകരാനുള്ള ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക ബുദ്ധിമുട്ട് നേരിടുമ്പോഴും സാമ്രാജ്യത്വ കൽപിത നയങ്ങൾക്കെതിരെയുള്ള നമ്മുടെ പോരാട്ടങ്ങൾ ദുർബലപ്പെടുത്തുന്നില്ലെങ്കിൽ മാത്രമേ പടിഞ്ഞാറൻ ഗവൺമെന്റുകളും സാമ്രാജ്യത്വ ഏജൻസികളും വാഗ്ദാനം ചെയ്യുന്ന വായ്പകൾ സ്വീകരിക്കാൻ പാർട്ടി അനുമതി നൽകാവൂ.'

'ലോകബാങ്ക്, എ.ഡി.ബി തുടങ്ങിയ സ്ഥാപനങ്ങളിൽനിന്ന് വായ്പ സ്വീകരിക്കുന്നതിന് പാർട്ടി അനുമതി നൽകിയാൽ അങ്ങനെ വായ്പ സ്വീകരിക്കുന്നതിന്റെ ന്യായീകരണമെന്തെന്ന് ജനങ്ങളെ വിശ്വാസത്തിലെടുത്ത് അവരോട് വിശദീകരിക്കാൻ പാർട്ടി തയാറാകണം. സാമ്പത്തിക കാര്യങ്ങളിൽ സ്വതന്ത്രമായി തീരുമാനമെടുക്കാനുള്ള സംസ്ഥാന ഗവൺമെന്റുകളുടെ അധികാരങ്ങളിൽ ഒരു വിട്ടുവീഴ്ചയും കാണിക്കാതെ തന്നെ ജനങ്ങളുടെ സാമ്പത്തികനില മെച്ചപ്പെടുത്തുകയും ജനങ്ങൾക്ക് ആശ്വാസം പകരാൻ കഴിയുകയും ചെയ്യുന്നതാണ് ഇത്തരം വായ്പകളും ഫണ്ടുകളും എന്ന് വിലയിരുത്തപ്പെടുന്നെങ്കിൽ മാത്രം സ്വീകരിക്കുക എന്നതാണ് ഇക്കാര്യത്തിൽ സ്വീകരിക്കാവുന്ന ഒരു കൈകണക്ക്.'

(സി.പി.ഐ.എം നയരേഖ 2005 ജൂൺ)

സാമ്രാജ്യത്വ നിയന്ത്രണത്തിലുള്ള അന്താരാഷ്ട്ര സാമ്പത്തിക ഏജൻസികളിൽനിന്ന് ഇടതുപക്ഷ ഗവൺമെന്റുകൾ സഹായധനം സ്വീകരിക്കുന്നതു സംബന്ധിച്ച് സി.പി.ഐ.എം കേന്ദ്ര കമ്മിറ്റി ചർച്ച ചെയ്ത് രൂപപ്പെടുത്തിയ നയമാണ് മുകളിലുദ്ധരിച്ചത്. പക്ഷേ, ഈ നയരേഖയിൽ വ്യക്തമാക്കിയ നിലപാടുകൾക്ക് വിരുദ്ധവും സാമ്രാജ്യത്വത്തിനെതിരായ പോരാട്ടത്തിൽ ഇടതുപക്ഷത്തിൽ പ്രതീക്ഷയർപ്പിച്ചവരെ തീർത്തും നിരാശപ്പെടുത്തുന്നതുമായ സമീപനമാണ് എ.ഡി.ബി കരാറിന്റെ കാര്യത്തിൽ എൽ.ഡി.എഫ് ഗവൺമെന്റിൽനിന്ന് ഉണ്ടായിട്ടുള്ളത്. രാജ്യത്തോടും ജനങ്ങളോടുമുള്ള പ്രതിബദ്ധതയുടെ കാര്യമിരിക്കട്ടെ, സ്വന്തം പാർട്ടി നയരേഖയോടുപോലും കൂറുപുലർത്താത്തതും, സി.പി.എമ്മിന്റെ തന്നെ പ്രഖ്യാപിത നിലപാടുകളെ ധിക്കാരപൂർവം അവഗണിക്കുന്നതുമാണ് എ.ഡി.ബി കരാറിന് നൽകിയ അനുമതി. എ.ഡി.ബി ഉൾപ്പെടെയുള്ള മുതലാളിത്ത സാമ്പത്തിക ഏജൻസികളിൽനിന്ന് വായ്പയെടുക്കുന്നത് രാജ്യത്തിന്റെ പരമാധികാരത്തെയും സ്വാതന്ത്ര്യത്തെയും പ്രതികൂലമായി ബാധിക്കുമെന്നും മൂലധനശക്തികളുടെ ചൂഷണത്തിനും സാമ്രാജ്യത്വ അധിനിവേശങ്ങൾക്കും വഴിയൊരുക്കുമെന്നും കേരള ജനതക്ക് മുന്നറിയിപ്പു നൽകി സമര ഭൂമിയിലിറക്കിയ സി.പി.ഐ.എം തന്നെയാണിപ്പോൾ എ.ഡി.ബിയെ വികസനത്തിന്റെ അവധൂതനായി എഴുന്നള്ളിക്കുന്നത്. എ.ഡി.ബിക്കെതിരെ കരിഓയിലുമായി പ്രതിഷേധിക്കാനിറങ്ങിയവർ തന്നെയാണിപ്പോൾ കരാറിനെ എതിർക്കുന്നവരെ ദേശദ്രോഹികളായി മുദ്രകുത്താൻ നാടുനീളെ പത്രസമ്മേളനങ്ങൾ വിളിച്ചുചേർക്കുന്നത്. എ.ഡി.ബിക്കെതിരെ ലേഖനപരമ്പരകൾ തന്നെ പ്രസിദ്ധീകരിച്ച *ദേശാഭിമാനി* (ഉദാഹരണം: 2002 ആഗസ്റ്റിലെ വിജയന്റെ പരമ്പര) ഇപ്പോൾ എ.ഡി.ബി സഹായത്തിന്റെ മഹത്വം വിളംബരം ചെയ്യാൻ അച്ച് നിരത്തിക്കൊണ്ടിരിക്കുകയാണ്. വഞ്ചനാത്മകം മാത്രമല്ല, സി.പി.എമ്മിനെ സംബന്ധിച്ച് ആത്മഹത്യാപരം കൂടിയാണ് ഈ നിലപാട് എന്ന് പറയേണ്ടതില്ല.

കരാറിന്റെ വിശദാംശങ്ങളെക്കുറിച്ച് ധാരാളം വിശകലനങ്ങൾ പത്രമാധ്യമങ്ങളിൽ നടന്നുകൊണ്ടിരിക്കുന്നു. അവ ചർവിത ചർവണം ചെയ്യുന്നില്ല. യഥാർഥത്തിൽ കേരളത്തിന്റെ സാമ്പത്തിക പ്രതിസന്ധി മറികടക്കാനും വികസന പ്രവർത്തനങ്ങൾ നടത്താനും വിദേശകടം ആവശ്യമാണോ എന്ന കാതലായ പ്രശ്നമാണ് ഗൗരവത്തോടെ ചർച്ച ചെയ്യേണ്ടത്. സർവ മേഖലകളെയും ഗ്രസിച്ചുകഴിഞ്ഞ അഴിമതി ചെറിയൊരു ശതമാനം നിയന്ത്രിക്കാനായാൽ തന്നെ നമ്മുടെ സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരമുണ്ടാകും. അഴിമതിയില്ലാതെയാണ് പദ്ധതികൾ നടപ്പിലാക്കുന്നതെങ്കിൽ ഇപ്പോൾ വരുന്നതിന്റെ പകുതിയിലും കുറഞ്ഞ സാമ്പത്തിക ബാധ്യതയിൽ വികസന പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനാകും. രാഷ്ട്രീയക്കാരും ഉദ്യോഗസ്ഥരും കോൺട്രാക്ടർമാരുമുൾപ്പെടുന്ന മാഫിയാ മുന്നണിയുടെ കൈകളിലാണ് ഖജനാവിലെ സമ്പത്തിന്റെ ഏറിയ പങ്കും എത്തിച്ചേരുന്നത്. എ.ഡി.ബി നൽകുന്ന പണത്തിന്റെ ഗതിയും മറ്റൊന്നാകില്ല. ഇതവസാനിപ്പിക്കാതെ നമ്മുടെ സാമ്പത്തിക പ്രതിസന്ധിക്ക് ഒരിക്കലും പരിഹാരം കാണാനോ ഫലപ്രദമായ വികസന പ്രവർത്തനങ്ങൾ നടത്താനോ സാധ്യമല്ല. മറ്റൊന്ന് ആഭ്യന്തരവിഭവസമാഹരണമാണ്. എ.ഡി.ബി വായ്പയിലൂടെ ലഭിക്കുന്നതിലുമെത്രയോ അധികം പണം, ആഭ്യന്തര സ്രോതസ്സുകളിൽനിന്ന് ലഭിക്കാവുന്നതായുണ്ട്. വിദേശ ഇന്ത്യക്കാരുടേതുൾപ്പെടെയുള്ള കോടികളുടെ നിക്ഷേപങ്ങൾ ബാങ്കുകളിലും ഇൻഷുറൻസ് കമ്പനികളിലും പ്രത്യുൽപാദനക്ഷമമല്ലാത്തവിധം കെട്ടിക്കിടക്കുന്നു. ഇവ ഉപയോഗപ്പെടുത്തുന്നതിന് പ്രായോഗിക മാർഗങ്ങൾ കാണേണ്ടതുണ്ട്. അപ്രകാരം ഗവൺമെന്റിന് നികുതിയിനത്തിൽ പിരിഞ്ഞുകിട്ടേണ്ട കോടികൾ എ.ഡി.ബി വായ്പയുടെ എത്രയോ ഇരട്ടിയുണ്ട് എന്ന് ഗവൺമെന്റ് തന്നെ സമ്മതിക്കുന്നു. പക്ഷേ, ഗവൺമെന്റുകൾ മാറിമാറി വന്നിട്ടും ഇതിൽ മാറ്റം വരുന്നില്ല. ഇത്തരം വിഷയങ്ങളെക്കുറിച്ചുള്ള ഗൗരവപ്പെട്ട ചർച്ചകൾ നടക്കേണ്ടതായിട്ടുണ്ട്.

### എ.ഡി.ബിയെന്നാൽ

എ.ഡി.ബി എന്ന പേരിലറിയപ്പെടുന്ന 'ഏഷ്യൻ വികസന

ബാങ്ക്' യഥാർഥത്തിൽ ഏഷ്യൻ രാജ്യങ്ങളുടെ സാമ്പത്തിക സംരംഭമല്ല. സാമ്രാജ്യത്വ ശക്തികൾക്ക് ഏഷ്യൻ രാജ്യങ്ങളിലുള്ള ദുഷ്ടലാക്കുകൾ പൂർത്തീകരിക്കുകയെന്ന ഗൂഢോദ്ദേശ്യത്തോടെ സ്ഥാപിക്കപ്പെട്ട മുതലാളിത്ത സ്ഥാപനമാണ് ഏഷ്യാ പസഫിക് മേഖലയിലെ പ്രവർത്തനങ്ങൾ 'കാര്യക്ഷമമാക്കുക' എന്ന ലക്ഷ്യത്തോടെ ലോകബാങ്കിന്റെ അനുബന്ധസ്ഥാപനം എന്ന നിലക്കാണ് 1966-ൽ എ.ഡി.ബി നിലവിൽവന്നത്. അമേരിക്ക, ബ്രിട്ടൻ, ഫ്രാൻസ്, ജർമനി, ജപ്പാൻ, ആസ്ത്രേലിയ തുടങ്ങിയ രാജ്യങ്ങളാണതിനു പിന്നിൽ പ്രവർത്തിച്ചത്. 64 രാജ്യങ്ങൾ എ.ഡി.ബിയിൽ അംഗങ്ങളാണ്. അതിൽ 40-ഓളം അവികസിത രാജ്യങ്ങളുമുണ്ട്. പക്ഷേ, അമേരിക്കയും ജപ്പാനുമാണ് ഏറ്റവും കൂടുതൽ ഓഹരി കൈവശം വെച്ചിരിക്കുന്നത്. 32% ഓഹരിയും 27% വോട്ടവകാശവും അവർക്കാണ്. ആസ്ത്രേലിയ, ജർമനി, ഫ്രാൻസ്, ബ്രിട്ടൻ തുടങ്ങിയ സമ്പന്ന രാഷ്ട്രങ്ങൾക്കാണ് ശേഷിക്കുന്ന ഓഹരികളുടെയും വോട്ടവകാശത്തിന്റെയും ഉടമസ്ഥത. ഫിലിപ്പൈൻസിന്റെ തലസ്ഥാനമായ മനിലയാണ് എ.ഡി.ബിയുടെ ആസ്ഥാനം. വിവിധ രാജ്യങ്ങളിൽ 18 ഓഫീസുകളും രണ്ടായിരത്തോളം ജീവനക്കാരും എ.ഡി.ബിക്കുണ്ട്. വിവിധ രാജ്യങ്ങളുടെ ദേശീയ ഗവൺമെന്റുകൾക്കാണ് എ.ഡി.ബി വായ്പ അനുവദിക്കുന്നത്. സംസ്ഥാന ഗവൺമെന്റുകൾക്ക് നേരിട്ട് ധനസഹായം നൽകാറില്ല. വായ്പയുടെ 70% പലിശസഹിതം തിരിച്ചടക്കണം. 30% ഗ്രാന്റായാണ് നൽകുന്നത്. വികസനം, ഗതാഗതം, ആരോഗ്യം, വിദ്യാഭ്യാസം, കൃഷി, ജലവിതരണം തുടങ്ങിയ അടിസ്ഥാന മേഖലകളിലെ പ്രവൃത്തികളിലാണ് എ.ഡി.ബി മുഖ്യമായും ഇടപെടുന്നത്. ഇപ്പോൾ കേരളത്തിന് വായ്പ നൽകുന്നതും അതേസ്വഭാവത്തിൽ തന്നെയാണ്.

കടം നൽകുന്നതിന് സ്വർണം, ഭൂമി, തുടങ്ങിയവയൊന്നും എ.ഡി.ബി ഈടായി സ്വീകരിക്കാറില്ല. മറിച്ച് ഗവൺമെന്റിന്റെ സാമ്പത്തിക നയങ്ങളിലും സർക്കാർ സ്ഥാപനങ്ങളിലുമുള്ള കൃത്യമായ ഇടപെടലുകളാണ് എ.ഡി.ബി മുന്നോട്ട് വെക്കുന്നത്. അതായത് പാർലമെന്റ്, നിയമസഭകൾ, കോർപറേഷനുകൾ, പഞ്ചായത്തുകൾ തുടങ്ങിയ ഭരണ സ്ഥാപനങ്ങളുടെ നയരൂപീകരണവും പൊതുമേഖലാ സ്ഥാപനങ്ങളുടെ നടത്തിപ്പും എ.ഡി.ബിയുടെ നിബന്ധനകൾക്കും മാർഗനിർദേശങ്ങൾക്കും വിധേയമായി മാത്രമേ നടത്താൻ പാടുള്ളൂ എന്ന വ്യവസ്ഥ അംഗീകരിക്കുന്നുവെങ്കിൽ മാത്രമേ എ.ഡി.ബി വായ്പ നൽകൂ. എന്തൊക്കെയാണ് നിബന്ധനകൾ എന്ന് മുൻകൂട്ടിത്തന്നെ അവർ 'ഉപഭോക്താക്കളെ' അറിയിച്ചിരിക്കും. കരാറിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടോ എന്ന് എ.ഡി.ബി നിരീക്ഷിക്കും. കരാറിലോ, പദ്ധതികളിലോ, അവയുടെ അനുബന്ധ പ്രവൃത്തികളിലോ യാതൊരു മാറ്റവും വരുത്താൻ ഗവൺമെന്റിന് അധികാരമുണ്ടാകില്ല. നിയമസഭകളും കോർപറേഷനുകളും മറ്റും പ്രമേയങ്ങളും ബില്ലുകളും പാസ്സാക്കുന്നത് എ.ഡി.ബിയുടെ അറിവോടും അംഗീകാരത്തോടും കൂടിയായിരിക്കണം. മന്ത്രിമാർ, കോർപറേഷൻ മേയർമാർ, പഞ്ചായത്ത് പ്രസിഡന്റുമാർ, ഗവൺമെന്റ് ഉദ്യോഗസ്ഥന്മാർ തുടങ്ങിയവരുൾപ്പെടുന്ന ഭരണാധികാരികളേക്കാൾ എ.ഡി.ബി പ്രതിനിധികളായിരിക്കും ഭരണനയവും വികസന പ്രവൃത്തികളും നിയന്ത്രിക്കുന്നത്. ഇപ്പോൾ ഇടതുപക്ഷ ഗവൺമെന്റ് അനുവാദം നൽകിയ കരാറിലെ വ്യവസ്ഥകളിലും ഇത് വ്യക്തമാണ്. നഗരസഭാ പ്രമേയങ്ങളും പദ്ധതികളെ സംബന്ധിച്ച വിശദാംശങ്ങളും പൂർണമായി എ.ഡി.ബിക്ക് നൽകണമെന്ന ഒരു വ്യവസ്ഥ കരാറിൽ കാണാം. നമ്മുടെ സ്വാതന്ത്ര്യവും പരമാധികാരവും സ്വയം നിർണയാവകാശവും സാമ്രാജ്യത്വ ശക്തികൾക്ക് മുമ്പിൽ അടിയറ വെക്കുകയാണ് ഇത്തരം കരാറിലൂടെ സംഭവിക്കുന്നത്. കുടിവെള്ളം ഉൾപ്പെടെയുള്ള ജനജീവിതത്തിന്റെ അടിസ്ഥാന ആവശ്യങ്ങൾ പോലും അമേരിക്കൻ സാമ്പത്തിക താൽപര്യങ്ങൾ സംരക്ഷിക്കുന്ന എ.ഡി.ബിയുടെ നിയന്ത്രണത്തിന് വിട്ടുകൊടുക്കുകവഴി നാം കൊളോണിയൽ ശക്തികളുടെ അടിമത്തത്തെ സ്വയം വരിക്കുകയാണ്. പ്രകൃതിവിഭവങ്ങൾ കൊള്ളയടിക്കാനും സാമ്പത്തിക ചൂഷണം നടത്തിയും കടക്കെണിയിലകപ്പെടുത്തി ജനങ്ങളെ ദാരിദ്ര്യത്തിലേക്കും പട്ടിണിയിലേക്കും തള്ളിവിട്ട് രാജ്യത്തെ സർവമേഖലയിലും നശിപ്പിക്കുകയാണ് ചെങ്കൊടി വീശി എ.ഡി.ബി.ക്ക് പ്രവേശനാനുമതി നൽകുന്നവർ ചെയ്യുന്നത്.

## അനുഭവപാഠങ്ങൾ

എ.ഡി.ബിയിൽനിന്ന് കടമെടുത്ത രാജ്യങ്ങൾക്ക് സംഭവിച്ച ദുരന്തങ്ങൾ, 'ധനസഹായ'ത്തിനു പിന്നിലെ ചതിക്കുഴികളെക്കുറിച്ചും 'സഹായധനം' സ്വീകരിച്ചാലുണ്ടാകാവുന്ന ദൂരവ്യാപകമായ പ്രത്യാഘാതങ്ങളെ കുറിച്ചും വ്യക്തമായ മുന്നറിയിപ്പുകൾ നൽകുന്നുണ്ട്. 'നിരുപദ്രവകരമായ വ്യവസ്ഥ'കളോടെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനുവേണ്ടി എ.ഡി.ബി വായ്പ സ്വീകരിച്ച അനേകം രാജ്യങ്ങൾ കടക്കെണിയിലകപ്പെടുകയും ജനജീവിതം ദുരിതപൂർണമായിത്തീരുകയും വിഭവങ്ങൾ കൊള്ളയടിക്കപ്പെടുകയും ചെയ്ത അനുഭവങ്ങൾ നമ്മുടെ മുമ്പിലുണ്ട്. ഇന്ത്യയിലെ മധ്യപ്രദേശ് മുതൽ കംബോഡിയയും ചൈനയും വരെ എ.ഡി.ബി വായ്പയുടെ ദുരന്തചിത്രങ്ങൾ അടയാളപ്പെടുത്തിയിട്ടുണ്ട്.

മധ്യപ്രദേശിൽ വൈദ്യുതി മേഖലയുടെ പുനഃസംവിധാനത്തിനുവേണ്ടി 350 മില്യൻ ഡോളർ എ.ഡി.ബി വായ്പ നൽകി. സംസ്ഥാന സർക്കാരും വൈദ്യുതി ബോർഡും തങ്ങളുടെ വിഹിതമായ 118.9 മില്യൻ ഡോളറും നൽകി. 2000-'01 ൽ പദ്ധതി പ്രാവർത്തികമാക്കിത്തുടങ്ങി. 2002-ൽ വൈദ്യുതി നിരക്ക് 20 ശതമാനം വർധിപ്പിച്ചു. 2003-'04 ൽ നിരക്ക് 150 ശതമാനം ഉയർന്നു. എല്ലാ ഇളവുകളും വൈദ്യുതി ബോർഡ് റദ്ദ് ചെയ്തു. ചാർജ് കുത്തനെ കൂട്ടി. ഉപഭോക്താക്കൾ വലഞ്ഞു. കർഷകരുൾപ്പെടെ അടിസ്ഥാന ജനവിഭാഗങ്ങൾ പൊറുതിമുട്ടി. നിരവധി പേർ ആത്മഹത്യ ചെയ്തു. എ.ഡി.ബി സഹായം ലഭിക്കാൻ നിർദേശിച്ച വ്യവസ്ഥകൾ പാലിച്ചപ്പോഴാണ് ഇത് സംഭവിച്ചത്.

1986-ൽ ചൈന എ.ഡി.ബിയിൽ അംഗമായി. തുടർന്ന് നടപ്പിലാക്കിയ എ.ഡി.ബിയുടെ ജലവൈദ്യുതപദ്ധതി ആയിരക്കണക്കിന് കുടുംബങ്ങളെ കുടിയിറക്കി. ജലവിതരണം ബഹുരാഷ്ട്ര കുത്തകകളുടെ കൈകളിലകപ്പെട്ടു. വെള്ളത്തിന്റെ കരം വർധിപ്പിച്ചു. ജനങ്ങൾ വമ്പിച്ച പ്രതിഷേധം ഇതിനെതിരെ ഉയർത്തി.

മെക്കോങ്ങ് നദിയുടെ ദുരന്തചിത്രം ഇതിന്റെ മികച്ച ഉദാഹരണമാണ്. ലോകത്തിലെ പന്ത്രണ്ടാമത്തെ വലിയ നദിയായ മെക്കോങ്ങ് അപൂർവ സസ്യങ്ങളുടെയും മത്സ്യങ്ങളുടെയും ആവാസ കേന്ദ്രമാണ്. ചൈന, ബർമ, തായ്‌ലന്റ്, കംബോഡിയ, വിയറ്റ്നാം തുടങ്ങിയ രാജ്യങ്ങളിലൂടെ ഒഴുകുന്ന ഈ നദി ടിബറ്റിലെ മഞ്ഞുമലകളിൽനിന്നാണ് ഉത്ഭവിക്കുന്നത്. മെക്കോങ്ങിന്റെ തീരപ്രദേശങ്ങളിൽ വൻതോതിൽ വൈദ്യുതി ഉൾപാദിപ്പിക്കാനും എക്സ്പ്രസ് ഹൈവേകൾ നിർമിക്കാനും ടൂറിസം വികസനത്തിനും മറ്റുംവേണ്ടി എ.ഡി.ബി ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ വലിയ ദുരന്തത്തിനാണ് കാരണമായത്. എ.ഡി.ബിയുമായി ബന്ധപ്പെട്ട കുത്തക കമ്പനികൾ നദീതീരത്തെ അളവറ്റ പ്രകൃതിവിഭവങ്ങൾക്കുമേൽ ആധിപത്യം സ്ഥാപിച്ചു. പൊതുഉടമസ്ഥത അവസാനിപ്പിച്ച് സ്വകാര്യ ഉടമസ്ഥത സ്ഥാപിക്കപ്പെട്ടതോടെ വിഭവങ്ങൾ കൊള്ളയടിക്കാൻ തുടങ്ങി. കാർഷിക-മത്സ്യബന്ധന മേഖലകൾ തകർന്നു, വൻകിട വിദേശ കമ്പനികൾ മത്സ്യബന്ധനം നടത്താൻ തുടങ്ങിയതോടെ ആയിരക്കണക്കിന് പരമ്പരാഗത മത്സ്യബന്ധന

| **എ.ഡി.ബി വായ്പകൊണ്ടുള്ള വികസന പദ്ധതികൾ** | | |
|---|---|---|
| ജലവിതരണം | - | 127.12 കോടി |
| റോഡ് വികസനം | - | 126.31 കോടി |
| മലിനജല നിർമാർജനം/ ശുചീകരണം | - | 280.33 കോടി |
| അഴുക്കുചാൽ | - | 083.64 കോടി |
| ഖരമാലിന്യ സംസ്കരണം | - | 032.94 കോടി |
| **ആകെ** | **-** | **650.39 കോടി** |
| **അനുബന്ധ ഘടകങ്ങൾ** | | |
| പ്രാദേശിക വികസനം | - | 243.58 കോടി |
| ദാരിദ്ര്യനിർമാർജനം | - | 101.25 കോടി |
| ഭൂമി ഏറ്റെടുക്കൽ | - | 006.53 കോടി |
| നികുതി, ഡ്യൂട്ടി... | - | 219.42 കോടി |
| പലിശ, കമ്മിറ്റ്മെന്റ് ചാർജ് | - | 131.69 കോടി |
| ഗവേഷണവും വികസനവും, ഉപകരണങ്ങൾ, പരിശീലനം, ഭരണം | - | 023.47 കോടി |
| വിദേശ കൺസൾട്ടൻസി | - | 37.46 കോടി |
| ദേശീയ കൺസൾട്ടൻസി | - | 8.73 കോടി |
| **ആകെ** | **-** | **777.41 കോടി** |
| **മൊത്തം** | **-** | **1422.80 കോടി** |

**എ.ഡി.ബി വായ്പ - 996 കോടി (70%)**
**ഗവൺമെന്റ്-കോർപറേഷൻ വിഹിതം - 427കോടി (30%)**

തൊഴിലാളികൾ വഴിയാധാരമായി. കംബോഡിയയിലെ ടോൺലിസാപ്പ് തടാകതീരത്ത് ആധുനിക തുറമുഖം പണിയാൻ വേണ്ടി ലക്ഷക്കണക്കിനാളുകളെ കുടിയിറക്കി. പരിസ്ഥിതി നശീകരണം നിർബാധം നടന്നു. 1992-ൽ എ.ഡി.ബി നടപ്പിലാക്കാനാരംഭിച്ച ജി.എം.എസ് (The Greater Mekong Subregion Economic Co-opertion) പദ്ധതിയുടെ പ്രത്യാഘാതങ്ങളായിരുന്നു ഇവയെല്ലാം. പരിസ്ഥിതി നശീകരണം, വിഭവങ്ങൾ കൊള്ളചെയ്യൽ, ശക്തമായ മലിനീകരണം, വിഭവങ്ങളുടെ കുത്തകവൽക്കരണം, ഭക്ഷ്യസുരക്ഷിതത്വം നഷ്ടപ്പെടുക, ജീവിത നിലവാരത്തിന്റെ തകർച്ച, കുടിയിറക്കൽ, സാമ്പത്തിക തകർച്ചയും കടക്കെണിയും, ആദിവാസികൾക്കും ഗ്രാമീണ ജനതക്കുമുള്ള പീഡനങ്ങൾ തുടങ്ങിയവയെല്ലാം കംബോഡിയൻ ജനത അനുഭവിച്ചു.

1978-ൽ പാകിസ്താനിൽ ആരംഭിച്ച എ.ഡി.ബിയുടെ ചിഷ്മാ കനാൽ പദ്ധതി ജലവിഭവ വികസനത്തിനുവേണ്ടിയുള്ളതായിരുന്നു. പക്ഷേ, വനനശീകരണവും കുടിയിറക്കലുമായിരുന്നു അതിന്റെ അനന്തരഫലം. ഒരുലക്ഷത്തിലേറെയാളുകൾക്ക് സ്വന്തം കിടപ്പാടം നഷ്ടപ്പെട്ടു. 20,000 ഹെക്ടർ സ്ഥലത്തെ മരങ്ങൾ നശിപ്പിക്കപ്പെട്ടു. 1999-ൽ ഇന്തോനേഷ്യയിൽനിന്ന് സ്വാതന്ത്ര്യം നേടിയ കിഴക്കൻ തിമൂറിന്റെ പുനർനിർമാണം 'ഏറ്റെടുത്ത' എ.ഡി.ബി അടിസ്ഥാന മേഖലയുടെ പുനഃസംവിധാനത്തിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് തിമൂറിന് സാമ്പത്തിക സഹായം നൽകി. അതിന്റെ ഫലമെന്തായിരുന്നു? കുടിവെള്ളം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന മേഖലകളിൽ വിദേശശക്തികൾ പിടിമുറുക്കുകയും മൈക്രോ ഫിനാൻസിംഗിന്റെ ഫലമായി ബാങ്കിംഗ് മേഖല തകരുകയും ചെയ്തു. ദാരിദ്ര്യവും പട്ടിണിയും ശുദ്ധജല ദൗർലഭ്യതയും പകർച്ചവ്യാധികളും മാത്രമാണ് കിഴക്കൻ തിമൂറിന് 'എ.ഡി.ബി ധനസഹായം' സംഭാവന ചെയ്തത്.

എ.ഡി.ബിയുമായി കരാറിലേർപ്പെട്ട് സാമ്പത്തിക സഹായം സ്വീകരിച്ച ഫിലിപ്പൈൻസ്, ശ്രീലങ്ക, ഇന്തോനേഷ്യ, ചൈന, തായ്‌ലന്റ് തുടങ്ങി അനേകം രാജ്യങ്ങളുടെ അവസ്ഥ ഇതുപോലെയോ ഇതിലേറെയോ ഭീകരമാണ്. ഇത്തരം അനുഭവങ്ങൾ തന്നെ എ.ഡി.ബി വായ്പകൾ നിരാകരിക്കാനുള്ള മതിയായ കാരണങ്ങളാണ്. മാത്രമല്ല ലോകമെങ്ങും ഇരകളുടെ ഉയിർത്തെഴുന്നേൽപും എ.ഡി.ബിക്കെതിരായ ചെറുത്തുനിൽപു സമരങ്ങളും സജീവമായിക്കൊണ്ടിരിക്കുകയാണ്. മനില, അമേരിക്ക, തായ്‌ലന്റ്, ഷാങ്ഹായ്, ഹൈദരാബാദ് തുടങ്ങിയ പല സ്ഥലങ്ങളിലും എ.ഡി.ബി വിരുദ്ധ സമരങ്ങൾ നടക്കുന്നുണ്ട്. സാമ്രാജ്യത്വത്തിന്റെ പുത്തൻ അധിനിവേശ തന്ത്രങ്ങൾക്കെതിരായ ഈ സമരങ്ങൾക്ക് ഊർജം പകരുകയും ലോകമെങ്ങും ആളിപ്പടരാൻ വഴിയൊരുക്കുകയുമാണ് മുതലാളിത്ത-സാമ്രാജ്യത്വവിരുദ്ധ പക്ഷത്ത് നിൽക്കുന്നവർ ചെയ്യേണ്ടത്. സാമ്രാജ്യത്വ ചൂഷണത്തിന്റെ ഇരകളും അവർക്കുവേണ്ടി പൊരുതുന്നവരും പ്രതീക്ഷിക്കുന്നതും അതാണ്. പക്ഷേ, ഈ പ്രതീക്ഷകളെ കെടുത്തിക്കളയും വിധമാണ് ബൂർഷ്വാ മുതലാളിത്തത്തിനും കോർപറേറ്റ് മൂലധനവാഴ്ചക്കുമെതിരെ നിലകൊണ്ട ഇടതുപക്ഷ പ്രസ്ഥാനങ്ങളും അവരുടെ ഗവൺമെന്റും ഇപ്പോൾ എ.ഡി.ബി വായ്പക്കുവേണ്ടി തിടുക്കം കൂട്ടുന്നത്. 'മാർക്സിസത്തിന്റെ മുതലാളിത്തവൽക്കരണം' വളരെവേഗം പൂർത്തിയായിക്കൊണ്ടിരിക്കുന്നതിന്റെ ഒടുവിലത്തെ ഉദാഹരണമാണിതെന്ന് തോന്നുന്നു.

വ്യവസ്ഥകളിൽ മാറ്റം വരുത്തിയ ശേഷമാണ് കരാറിന് അനുമതി നൽകിയതെന്ന വാദം ബാലിശമാണ്. നമ്മെ പ്രതികൂലമായി ബാധിക്കുന്ന നിബന്ധനകളിൽ അടിസ്ഥാനപരമായ ഒരു മാറ്റവും വരുത്തിയിട്ടില്ല. വാക്പ്രയോഗങ്ങളിലും വാചകഘടനകളിലുമാണ് മാറ്റമുള്ളത്. അത് ചൂണ്ടിക്കാണിച്ച് ജനങ്ങളെയും സ്വന്തം അണികളെയും വഞ്ചിക്കുകയാണ് സി.പി.ഐ.എം ചെയ്യുന്നത്. ചില ഉദാഹരണങ്ങൾ ശ്രദ്ധിക്കുക:

1. എ.ഡി.ബി പ്രതിനിധികൾക്ക് സർക്കാർ സംവിധാനങ്ങളും സാമ്പത്തിക സ്ഥിതിയും 'പരിശോധിക്കാൻ' അനുവാദം നൽകിയ വ്യവസ്ഥ 'സന്ദർശിക്കാൻ' എന്നാക്കി മാറ്റിയിരിക്കുന്നുവെന്ന് സി.പി.ഐ.എം വാദിക്കുന്നു. രണ്ട് കാരണങ്ങൾകൊണ്ട് ഈവാദം ബാലിശമാണ്. ഒന്ന്, 'Visit and Verify' എന്നാണ് വ്യവസ്ഥയിലുള്ളത്. 'സന്ദർശിക്കുക' (Visit) മാത്രമല്ല 'പരിശോധിക്കുക' (Verify) കൂടി ഉൾക്കൊള്ളുന്നു. പക്ഷേ ഇത് ബോധപൂർവം മറച്ചുവെക്കുകയാണ്. രണ്ട്, 'സന്ദർശനം' തന്നെ പരിശോധനയെ ഉൾക്കൊള്ളുന്നുണ്ട്. കാരണം, എ.ഡി.ബി പ്രതിനിധികൾ പദ്ധതി സ്ഥലങ്ങളും മറ്റും സന്ദർശിക്കുന്നത് വിനോദയാത്രക്കുവേണ്ടിയാകില്ലല്ലോ. ആദ്യവ്യവസ്ഥയിൽ 'പരിശോധിക്കാൻ വേണ്ടിയുള്ള സന്ദർശന'മായിരുന്നു, എന്നാൽ പുതിയ വ്യവസ്ഥയനുസരിച്ച് 'സന്ദർശനത്തിന്റെ ഭാഗമായുള്ള പരിശോധനയാണ്' നടക്കുകയെന്ന വ്യത്യാസം മാത്രമേയുള്ളൂ.

2. 'പൊതുടാപ്പുകൾ നിർത്തലാക്കും' എന്നത് 'ടാപ്പുകൾ മീറ്റർ ചെയ്യും' എന്നാക്കി മാറ്റിയിരിക്കുന്നു.

പൊതുടാപ്പുകൾ മീറ്റർ ചെയ്യുന്നത് എന്തിനാണ്? ഉത്തരം വളരെ വ്യക്തം; ലാഭകരമല്ലാത്തവ കണ്ടെത്താനും പണം കിട്ടാത്ത വെള്ളത്തിന്റെ ഉപയോഗം നിർത്തലാക്കാനുമാണതെന്ന് കരാർ വ്യവസ്ഥകളിലെ റവന്യൂ സെക്ഷനിൽ എട്ടാമത്തേതായി രേഖപ്പെടുത്തിയിട്ടുണ്ട്.

3. ഉന്നതാധികാര സമിതിയിലും നഗരസഭാ സ്റ്റിയറിംഗ് കമ്മിറ്റിയിലും മേയർമാർക്ക് സ്ഥാനം നൽകിയതാണ് പറയപ്പെടുന്ന മറ്റൊരു മാറ്റം. പക്ഷേ, പദ്ധതിയുടെ ആസൂത്രണത്തിലോ നടത്തിപ്പിലോ ഇടപെടാൻ അധികാരമില്ലാത്തവയാണ് ഈ സമിതികൾ. കരാറനുസരിച്ച് പദ്ധതികൾ നടപ്പിലാക്കുന്നതിന് മേൽനോട്ടം വഹിക്കാൻ മാത്രമേ അവക്ക് അധികാരമുള്ളൂ.

മാറ്റം വരുത്തിയെന്ന് പറയപ്പെടുന്ന മറ്റു വ്യവസ്ഥകളുടെ സ്ഥിതിയും ഇതിൽനിന്ന് ഭിന്നമല്ല.

വ്യവസ്ഥകളിൽ കാതലായ മാറ്റം വരുത്തിയാണ് എൽ.ഡി.എഫ് ഗവൺമെന്റ് കരാർ ഒപ്പിട്ടതെന്ന് വാദിക്കു

ന്നവർ ഒരുകാര്യം ഓർക്കേണ്ടതുണ്ട്: എ.ഡി.ബി പാവങ്ങൾക്ക് ധർമം നൽകുന്ന ഒരു ചാരിറ്റബ്ൾ സൊസൈറ്റിയോ ധനസഹായ സ്ഥാപനമോ അല്ല. സാമ്രാജ്യത്വത്തിന്റെ സാമ്പത്തിക താൽപര്യങ്ങൾ പൂർത്തീകരിക്കാൻ പലിശക്ക് പണം കടം കൊടുക്കുന്ന ഒരു 'ബ്ലേഡ് കമ്പനി'യാണത്. കടം നൽകാൻ അവർ മുന്നോട്ട് വെക്കുന്ന വ്യവസ്ഥകൾ ചൂഷണാധിഷ്ഠിതമാണ്. തങ്ങളുടെ സ്ഥാപിത താൽപര്യങ്ങൾക്ക് വിരുദ്ധമായി അവയിലെന്തെങ്കിലും മാറ്റം വരുത്താൻ എ.ഡി.ബി ഒരിക്കലും സന്നദ്ധരാകില്ല. ലാഭം കാണാതെ മുതൽമുടക്കുകയെന്നത് സാമ്രാജ്യത്വ സ്ഥാപനമായ എ.ഡി.ബിയെ സംബന്ധിച്ച് ചിന്തിക്കാനാകാത്തതാണ്. അതുകൊണ്ടുതന്നെ അവരുടെ കരാർവ്യവസ്ഥകളിൽ എമ്പാടും ചതിക്കുഴികളുണ്ടാകും. വാരിക്കുഴികൾക്കു മുകളിൽ പച്ചപ്പുല്ലുകൾ വിരിച്ചതുപോലെയിരിക്കുമവ. അതു തിരിച്ചറിയാനുള്ള ബുദ്ധിയും വിവേകവുമാണ് ആവശ്യം. ■